**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിലും പ്രസ്തുത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടോ; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പിലും വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക / കരാർ നിയമനങ്ങൾ സംബന്ധിച്ചും ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും ചുവടെ ചേർക്കുന്നു.<br><br>1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടേറ്റ്<br><br>ടെക്നിക്കൽ അസിസ്റ്റന്റ്, MWPSC സ്റ്റേറ്റ് കോഓഡിനേറ്റർ, പ്രൊബേഷൻ അസിസ്റ്റന്റ്, കാൾ ഓഫീസർ, ക്വാളിറ്റി ലീഡർ, ഫീൽഡ് റെസ്പോൺസ് ഓഫീസർ, ഫീൽഡ് റെസ്പോൺസ് ലീഡർ, പ്രോഗ്രാം മാനേജർ, ഐ.റ്റി ലീഡർ, ടീം ലീഡർ കണക്ട് സെന്റർ, ഫിനാൻസ് ഓഫീസർ, മൾട്ടി ടാസ്കിംഗ് സ്റ്റാഫ്, ട്രാൻസ്ജന്റർ സെൽ ജീവനക്കാർ, വാച്ച്മാൻ, ഡ്രൈവർ, ഓർഫനേജ് കൗൺസിലർ, മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ, മൾട്ടി ടാസ്കിങ്ങ് സ്റ്റാഫ്, നേഴ്സ്, കാഷ്വൽ സ്വീപ്പർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, നശാമുക്ത് കോഓർഡിനേറ്റർ, മെയിൽ അറ്റൻഡർ, ക്ലർക്ക് ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>2022 ഒക്ടോബർ മാസം വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി 31,11,678/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>**<u>2) ഓർഫനേജ് കൺട്രോൾ ബോർഡ്</u>**<br><br>മെമ്പർ സെക്രട്ടറി തസ്തികയിൽ ഒരു ആളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 2022 ഒക്ടോബർ മാസം വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 75,000/- രൂപ അനുവദിച്ചിട്ടുണ്ട്. |

**3) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ( നിപ്മർ)**

വിവിധ പദ്ധതികൾക്കായി താഴെ പറയുന്ന തസ്തികകളിൽ താത്കാലിക അടിസ്ഥാനത്തിൽ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

**സ്പൈനൽ കോർഡ് ഇഞ്ച്വറി റിഹാബിലിറ്റേഷൻ യൂണിറ്റ്-**

റെസിഡന്റ് മെഡിക്കൽ ഓഫീസർ, നഴ്സ്, വാർഡ് ഓർഡർലി, ഫിസിയോ തെറാപിസ്റ്റ്

**ബാച്ചിലർ ഓഫ് ഒക്യൂപേഷണൽ തെറാപ്പി പ്രോഗ്രാം-**

പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, അസി.പ്രൊഫസർ, ലെക്ച്ചറർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc)-**

വൊക്കേഷണൽ ഇൻസ്ട്രക്ടർ, സോഷ്യൽ വർക്കർ, ഒക്യുപേഷണൽ തെറാപിസ്റ്റ്

**NIPMR വിവിധ വിഭാഗങ്ങൾ -**

സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്, പ്യൂൺ, ഓഫീസ് അസിസ്റ്റന്റ് (അക്കൗണ്ട്സ്), ഓഫീസ് അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഒക്യുപേഷണൽ തെറാപിസ്റ്റ്, ഡെവലപ്പ്മെന്റൽ തെറാപിസ്റ്റ്

2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക- 8,01,630/- രൂപ

**4) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ**

താഴെപ്പറയുന്ന തസ്തികകളിലായി 26 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്

1. എൽ. ഡി ക്ലർക്ക്
2. എൽ. ഡി ടൈപ്പിസ്റ്റ്
3. മാനേജർ
4. സ്റ്റോർ അസിസ്റ്റന്റ്
5. ക്ലർക്ക് കം കാഷ്യർ
6. ക്ലർക്ക് കം അക്കൗണ്ടന്റ്
7. അസിസ്റ്റന്റ് മാനേജർ
8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

9. ഡ്രൈവർ
10. ആഡിറ്റ് അസിസ്റ്റന്റ് (adhoc service)
11. കാഷ്വൽ സ്വീപ്പർ

ഇവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബറിൽ 2,41,485/- രൂപ ( രണ്ട് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി നാന്നൂറ്റി എൺപത്തി അഞ്ച് രൂപ) അനുവദിച്ചിട്ടുണ്ട്.

**5) ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്**

3 ക്ലർക്ക് തസ്തികകളിലും 2 ക്ലർക്ക്-കം-ടൈപിസ്റ്റ് തസ്തികകളിലും കരാർ അടിസ്ഥാനത്തിലും ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു ക്ലർക്ക്-കം-ടൈപ്പിസ്റ്റ് , ഒരു ഡ്രൈവർ തസ്തികയിലും താൽക്കാലികമായി ദിവസ വേതന അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്.

ടി തസ്തികകളിൽ 2022 ഒക്ടോബർ മാസം വേതനമായി ആകെ 1,16,371/- രൂപ അനുവദിച്ചിട്ടുണ്ട്.

**6) കേരള സാമൂഹ്യസുരക്ഷാ മിഷൻ**

കേരള സാമൂഹ്യസുരക്ഷാ മിഷനിലെ അംഗീകൃത തസ്തികകളായ പ്രോഗ്രാം കോഓർഡിനേറ്റർ, ജൂനിയർ അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ്, പ്യൂൺ എന്നീ തസ്തികകളിലായി 12 ജീവനക്കാരുടെയും മിഷന്റെ കീഴിലുള്ള എസ്.ഐ.ഡി ഓഫീസിലും വിവിധ പ്രോജക്ടുകളിലും ജില്ലാ കോഓഡിനേറ്റർ, കോഓഡിനേറ്റർ, മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ലാബ് ടെക്നീഷ്യൻ, സ്പീച്ച് തെറാപ്പിസ്റ്റ്, കൗൺസിലർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് പ്രോജക്ട് കോഓഡിനേറ്റർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഹെൽപ്പ് ഡെസ്ക് എക്സിക്യൂട്ടീവ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 374 ജീവനക്കാരുടെയും കരാർ കാലാവധി 01.04.2022 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം ആകെ 1,09,32,553/- രൂപ അനുവദിച്ചിട്ടുണ്ട്.

7) **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് ( നിഷ്)**

താഴെ പറയുന്ന പ്രകാരമുള്ള താത്കാലിക നിയമനങ്ങളാണ് നിഷിൽ നടത്തിയിട്ടുളളത്.

| | | | |
|---|---|---|---|
| | | | • ജന്മനാ ഉള്ളതോ എന്തെങ്കിലും അപകടം മൂലമോ ഉണ്ടാകുന്ന ശാരീരിക പരിമിതികളുടെ ആഘാതം കുറയ്ക്കാൻ സഹായിക്കുന്ന വിദഗ്ധരെ വാർത്തെടുക്കുന്ന കേരളത്തിലെ ആദ്യത്തെ ഒക്കുപേഷണൽ തെറാപ്പി കോഴ്സിന് വേണ്ടിയുള്ള അധ്യാപകർ<br>• ശ്രവണ പരിമിതർക്കായുള്ള ഇന്ത്യൻ ആംഗ്യ ഭാഷാ വിഭാഗത്തിലെ അധ്യാപകർ.<br>• ശ്രവണ പരിമിതി കുഞ്ഞുങ്ങളുടെ ഏർലി ഇന്റർവെൻഷൻ വിഭാഗത്തിലെ ഉന്നത പഠനത്തിനായുള്ള അവധി ഒഴിവിലേയ്ക്കും ശ്രവണ പരിമിതിയുള്ള കുട്ടികളുടെ ബിരുദ വിഭാഗത്തിലെയും മെറ്റേർനിറ്റി ലീവിന്റെ ഒഴിവിലേയ്ക്കും ഉള്ള നിയമനങ്ങൾ.<br>• കേരള സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലെ റീജിയണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് മുഖേന അപ്രന്റിസുകൾ.<br>• ശ്രവണ സംസാര വൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ വൈകല്യങ്ങളുടെ തെറാപ്പി ചെയ്യുവാനായി ഒരു വർഷക്കാലം ദൈർഘ്യമുള്ള ക്ലിനിക്കൽ പരിശീലനം നൽകുന്ന ക്ലിനിക്കൽ സൂപ്പർവൈസർമാർ<br><br>ഇവർക്ക് വേതനവും മറ്റു ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസത്തിൽ 10,63,306/-രൂപ അനുവദിച്ചിട്ടുണ്ട് |
| (ബി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | നിയമനങ്ങൾക്ക് അവലംബിച്ച മാർഗ്ഗവും ഏജൻസിയും വകുപ്പ് / സ്ഥാപനം തിരിച്ച് ചുവടെ ചേർക്കുന്നു<br><br>**<u>1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടേറ്റ്</u>**<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് 18 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന് പുറമേ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് , കുടുംബശ്രീ, എന്നീ ഏജൻസികൾ മുഖേനയും വിവരപൊതുജനസമ്പർക്ക വകുപ്പ് മുഖേന പത്രപരസ്യം നൽകി നേരിട്ടുള്ള അഭിമുഖത്തിലൂടെയും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയും കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>**<u>2) ഓർഫനേജ് കൺട്രോൾ ബോർഡ്</u>**<br><br>നേരിട്ടുള്ള നിയമനം |

**3) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ( നിപ്മർ)**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന- 2 നിയമനങ്ങൾ

മറ്റുള്ള നിയമനങ്ങൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) , കുടുംബശ്രീ മിഷൻ തുടങ്ങിയ ഏജൻസികൾ മുഖേന എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നീ മാർഗ്ഗങ്ങൾ മുഖേന

**4) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ**

കാഷ്വൽ സ്വീപ്പർ-2, ഡ്രൈവർ-1, ആഡിറ്റ് അസിസ്റ്റന്റ് ( adhoc service) -1 ഒഴിച്ചുള്ള 22 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന. കാഷ്വൽ സ്വീപ്പർമാരുടെ നിയമനം കുടുംബശ്രീയിൽ നിന്നും നടത്തിയിട്ടുണ്ട്. ഡയറക്ടർ ബോർഡ് തീരുമാനപ്രകാരമാണ് കോർപ്പറേഷന്റെ ചെയർപേഴ്സണ് ഒരു ഡ്രൈവറെയും ആഡിറ്റ് പൂർത്തീകരിക്കുന്നതിനായി ഒരു ആഡിറ്റ് അസിസ്റ്റന്റിനെയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്.

**5) ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്**

നേരിട്ടുള്ള നിയമനം . വിവരപൊതുജനസമ്പർക്ക വകുപ്പ് മുഖേന വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ അപേക്ഷകളിൽ അഭിമുഖം നടത്തിയാണ് ക്ലർക്ക് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത്. അഭിമുഖം , പ്രായോഗികതാ ക്ഷമത പരീക്ഷ എന്നിവ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ക്ലർക്ക്- കം ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത്. ടി രണ്ട് തസ്തികകളിൽ 1 ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിരുന്നു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, , ഡ്രൈവർ, ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

**6) കേരള സാമൂഹ്യസുരക്ഷാ മിഷൻ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല. കേരള സാമൂഹ്യസുരക്ഷാ മിഷനിൽ ടെസ്റ്റ്/ ഇന്റർവ്യൂ എന്നിവയിലൂടെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

**7) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് ( നിഷ്)**

| | | | |
|---|---|---|---|
| | | | നിഷിന്റെ പ്രൊജക്റ്റ് ബോർഡ് തീരുമാന പ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ